# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

## ബുള്ളറ്റിൻ ഭാഗം – 2

## 2018 ഫെബ്രുവരി 27

**നമ്പർ : 394**

**സഭ മുമ്പാകെ വരുന്നതിന് ദിവസം നിശ്ചയിച്ചിട്ടില്ലാത്ത ഉപക്ഷേപം**

**(No-Day-Yet- Named Motion)**

ശ്രീ. കെ. കൃഷ്ണൻകുട്ടി,
എം.എൽ.എ.

"കേരളത്തിലെ കാർഷിക രംഗത്ത് വമ്പിച്ച തിരിച്ചടികൾ വരുത്തത്തക്കരീതിയിൽ ആസിയാൻ കരാർ ഉൾപ്പെടെ ഏകദേശം പതിനെട്ടോളം അന്താരാഷ്ട്ര കരാറുകൾ ഇന്ത്യ ഗവൺമെന്റ് ഇതിനോടകം ഒപ്പ് വച്ചിരിക്കുകയാണ്. ആർ.സി.ഇ.പി. കരാർ സംബന്ധിച്ചുള്ള അന്തിമ ചർച്ചകൾ പൂർത്തിയായിരിക്കുകയാണ്. കരാർ ഒപ്പിടുന്നതിനുള്ള കാലതാമസമേ ഇനിയുള്ളൂ. കേന്ദ്ര സർക്കാരുകളുടെ വാണിജ്യകാര്യ മന്ത്രാലയങ്ങൾ ബന്ധപ്പെട്ട സംസ്ഥാനങ്ങളുമായോ കാർഷിക വിദഗ്ദരുമായോ ആലോചിക്കാതെ ഇത്തരം അന്താരാഷ്ട്ര കരാറുകളിൽ ഒപ്പുവെച്ചതാണ് റബർ, തെങ്ങ്, തോട്ടവിള-സുഗന്ധവ്യഞ്ജന കർഷകർ ഇന്ന് നേരിടുന്ന വിലയിടവിനും പ്രതിസന്ധിക്കും കാരണം. ഇതു കൂടാതെ അർജന്റീനയുടെ തലസ്ഥാനമായ ബ്യൂനെസ് ഐറിസിൽ ചേർന്ന ലോക വ്യാപാര സംഘടനയുടെ മന്ത്രി തല സമ്മേളനത്തിൽ നിലവിലുള്ള സബ്സിഡിയും താങ്ങ് വില കൊടുക്കുന്നതു നിറുത്തലാക്കുന്നതിനും ഇന്ത്യക്കുമേൽ സമ്മർദ്ദം ഉണ്ടായിട്ടുണ്ട്. ഇത് നമ്മുടെ കർഷകരെയും ഭക്ഷ്യ സുരക്ഷ പദ്ധതിയെയും ഏറെ പ്രതികൂലമായി ബാധിക്കും. രാജ്യത്തെ ദോഷകരമായി ബാധിക്കുന്ന ഇത്തരം കരാറുകളെപ്പറ്റി പുനർചിന്തനം നടത്താനും ഇനി ഒപ്പ് വയ്ക്കാനുള്ള ആർ.സി.ഇ.പി. പോലുള്ള കരാറുകളിൽ നിന്നും പിൻമാറാനും കേന്ദ്ര ഗവൺമെന്റിന്മേൽ സമ്മർദ്ദം ചെലുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ഇക്കാര്യങ്ങൾ ഈ സഭ ചർച്ച ചെയ്യണം."

വി.കെ.ബാബുപ്രകാശ്,

സെക്രട്ടറി.